"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം - മാനദണ്ഡങ്ങൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (യു) വകുപ്പ്**

സ.ഉ.(കൈ) നം.152/2021/പൊ.വി.വ    തീയതി,തിരുവനന്തപുരം, 29/06/2021

---

പരാമർശം:- 1. 07.05.2015 ലെ സ.ഉ.(കൈ)നം.102/2015/പൊ.വി.വ.

2. 25.02.2017 ലെ സ.ഉ.(അ) നം.3/2017/ഉ.ഭ.പ.വ.

3. 24.04.2017 ലെ സ.ഉ.(അ) നം.5/2017/ഉ.ഭ.പ.വ.

<u>ഉത്തരവ്</u>

പൊതുവിദ്യാഭ്യാസ (വൊക്കേഷണൽ ഹയർസെക്കണ്ടറി) വകുപ്പിൽ പൊതു സ്ഥലംമാറ്റത്തിനുള്ള സമഗ്രവും വ്യക്തവുമായ മാനദണ്ഡങ്ങളുടെ അഭാവം മൂലം പൊതു സ്ഥലംമാറ്റ പ്രക്രിയയിൽ നിരവധി പരാതികളും കോടതി കേസുകളും വർഷം തോറും ഉണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു.

2. സർക്കാർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അതിലംഘിച്ചുകൊണ്ട്, സർക്കാർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ച് ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. പൊതു സ്ഥലം മാറ്റം.**

i. വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ മുഖാന്തിരം മാത്രമേ നടത്താൻ പാടുള്ളൂ. അതത് അക്കാദമിക വർഷം പൊതുവിദ്യാഭ്യാസ

ഡയറക്ടർ നിശ്ചയിക്കുന്ന സമയക്രമം അനുസരിച്ച് പൊതുസ്ഥലംമാറ്റം നടത്തുന്നതാണ്.

ii. വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ തസ്തികകളിലെ സ്ഥലം മാറ്റം കോഴ്സ് അടിസ്ഥാനത്തിലുള്ള അതാത് തസ്തികകളുടെ പേരിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. വൊക്കേഷണൽ കോഴ്സുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഒന്നാം പരാമർശിത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കോഴ്സ് അടിസ്ഥാനത്തിലുള്ള തസ്തികകളുടെ പേര് നിർണ്ണയിക്കുന്നത്. അഗ്രിക്കൾച്ചർ കോഴ്സുകളിലെ തസ്തികകളുടെ സ്ഥലംമാറ്റം അഗ്രിക്കൾച്ചർ എന്ന പൊതു കോഴ്സിന്റെ അടിസ്ഥാനത്തിലും, ഫിഷറീസ് കോഴ്സുകളിലെ തസ്തികകളുടെ സ്ഥലം മാറ്റം ഫിഷറീസ് എന്ന പൊതു കോഴ്സിന്റെ അടിസ്ഥാനത്തിലും നടത്തുന്നതാണ്.

iii. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സ്ഥലം മാറ്റം നടത്തുമ്പോൾ, കോഴ്സ് അടിസ്ഥാനത്തിൽ ജീവനക്കാരെ വിന്യസിച്ചതിനുശേഷം അതാത് കോഴ്സിൽ ഉൾക്കൊള്ളിക്കാനാകാത്തവരുണ്ടെങ്കിൽ അവരെ അതത് കോഴ്സ് ഗ്രൂപ്പിലേക്ക് മാത്രം മാറ്റുന്നതാണ്.

iv. വി.എച്ച്.എസ്.ഇ. വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പൽ എന്ന തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തതിനാലും ഡി.പി.സി. തീരുമാനം മുതലായ ഔപചാരികതകൾ പാലിക്കാതെ കേവലം ഭരണപരമായ സൗകര്യത്തിന് മാത്രമാണ് നിലവിൽ അധ്യാപകർക്ക് പ്രിൻസിപ്പലിന്റെ ചുമതല നൽകിയിട്ടുള്ളത് എന്നതിനാലും പ്രിൻസിപ്പൽമാരുടെ പൊതുസ്ഥലംമാറ്റം പ്രത്യേകമായി നടത്തുന്നതല്ല. പ്രിൻസിപ്പലിന്റെ ചുമതലയുള്ള അധ്യാപകരെ അവരവരുടെ കോഴ്സിന്റെ/വിഷയത്തിന്റെ അധ്യാപകരുടെ സ്ഥലംമാറ്റത്തോടൊപ്പം അധ്യാപകരായി പരിഗണിക്കുന്നതാണ്. അധ്യാപകരുടെ സ്ഥലംമാറ്റപ്രക്രിയ പൂർണമായതിനുശേഷം ഓരോ സ്കൂളിലേയും സീനിയർ നോൺ വൊക്കേഷണൽ ടീച്ചർ/വൊക്കേഷണൽ ടീച്ചർക്ക്, സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, ഭരണപരമായ സൗകര്യത്തിനായി പ്രിൻസിപ്പലിന്റെ ചുമതല നൽകുന്നതാണ്.

v. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാര്യത്തിൽ അപേക്ഷകർ പഠിച്ച കോഴ്സ് നിലവിലുള്ള തസ്തികയിൽ മറ്റൊരു കോഴ്സ് പഠിച്ച ലബോറട്ടറി അസിസ്റ്റന്റ് ജോലി നോക്കുന്നുവെങ്കിൽ അതിലേക്ക് അപേക്ഷിക്കുന്നതിന് സ്റ്റേഷൻ സീനിയോരിറ്റി ബാധകമല്ല.

## 2. ഓപ്പൺ വേക്കൻസി

i. വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ ഒരു ഹോംസ്റ്റേഷനിൽ അതത് വർഷം മെയ് 3 1ന് മൂന്ന് വർഷം സേവനം പൂർത്തിയാക്കുമ്പോൾ പ്രസ്തുത തസ്തികകളും, തനത് അക്കാദമിക വർഷത്തിൽ ജൂൺ 1 മുതൽ മെയ് 31 വരെയുണ്ടാകുന്ന എല്ലാ ഒഴിവുകളും, ആദ്യമായി പി.എസ്.സി. നിയമനം/ബൈട്രാൻസ്ഫർ ലഭിച്ച അധ്യാപകർ നിയമിക്കപ്പെട്ട തസ്തികകളും, ഓപ്പൺ വേക്കൻസികളായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിക്കുന്നതാണ്.

ii. ഇപ്രകാരം ഉണ്ടാകുന്ന ഓപ്പൺ വേക്കൻസികളിലേക്ക് മൂന്ന് വർഷം വൊക്കേഷണൽ ടീച്ചർ/നോൺ വൊക്കേഷണൽ ടീച്ചർ/വൊക്കേഷണൽ ഇൻസ്ട്രക്ടർ/ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികയിൽ റഗുലർ സർവ്വീസ് പൂർത്തിയാക്കിയവർക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ അപേക്ഷകരിൽ ഔട്ട് സ്റ്റേഷൻ സർവ്വീസുള്ളവരുണ്ടെങ്കിൽ സ്ഥലംമാറ്റത്തിന് മുൻഗണന ഔട്ട്സ്റ്റേഷൻ സർവ്വീസിന്റെ ദൈർഘ്യത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ഔട്ട്സ്റ്റേഷൻ സർവ്വീസിന്റെ ദൈർഘ്യം കണക്കാക്കുന്നത് സ്ഥലംമാറ്റ ഉത്തരവ് തീയതിയുടെ/ നിയമന ഉത്തരവ് തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും.

iii. പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷിക്കാവുന്ന സ്കൂളുകളുടെ എണ്ണം ഓൺലൈൻ സംവിധാനം അനുവദിക്കുന്ന പരമാവധി സ്കൂളുകൾ ആയിരിക്കും.

**3. അപേക്ഷ.**

i. അതത് വർഷം മെയ് 31 -ന് മൂന്നുവർഷം വൊക്കേഷണൽ ടീച്ചർ/നോൺ വൊക്കേഷണൽ ടീച്ചർ/വൊക്കേഷണൽ ഇൻസ്ട്രക്ടർ/ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് സർവ്വീസ് പൂർത്തിയാക്കിയവർക്ക് മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ അർഹതയുള്ളൂ. എന്നാൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുന്നവർക്ക് മൂന്ന് വർഷ സമയപരിധി ബാധകമല്ല.

ii. പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള റിമോട്ട് ഏരിയ സ്കൂളുകളിൽ ജോലി ചെയ്യുന്ന വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാർക്ക് ഒരു വർഷസേവനം ഒന്നര വർഷ സേവനമായി പരിഗണിക്കും. പ്രസ്തുത മേഖലയിലെ തുടർച്ചയായ രണ്ടു വർഷത്തെ സേവനമുള്ളവർക്കു മാത്രമേ ഒരു വർഷം ഒന്നര വർഷമായി പരിഗണിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇത്തരം സ്കൂളുകളിൽ ജോലി ചെയ്യുന്ന വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാർക്ക് അതത് വർഷം മെയ് 31 ന് രണ്ട് വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്.

iii. ഹോം ജില്ലയിലെ ദുർഘടമായ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാർ ക്ക് ഹോം ജില്ലയ്ക്ക് അകത്തുതന്നെയുള്ള സ്ഥലംമാറ്റത്തിന് ഈ മുൻഗണനയ്ക്ക് അർഹതയുണ്ടായിരിക്കുകയില്ല. സ്ഥലംമാറ്റ പ്രക്രിയയിൽ ദുർഘടമേഖലയായി പരിഗണിക്കുന്ന സ്കൂളുകളുടെ വിവരം താഴെ ചേർക്കുന്നു.

| കോഡ് | സ്കൂൾ | കോഡ് | സ്കൂൾ |
|---|---|---|---|
| 901002 | ജി.വി.എച്ച്.എസ്.എസ്. വിതുര | 912004 | ജി.വി.എച്ച്.എസ്.എസ്., റ്റി.എച്ച്.എസ്., സുൽത്താൻ ബത്തേരി |
| 902046 | ജി.വി.എച്ച്.എസ്.എസ്. അച്ചൻകോവിൽ | 912006 | ജി.വി.എച്ച്.എസ്.എസ്. മാനന്തവാടി |

| | | | |
|---|---|---|---|
| 909015 | ജി.റ്റി.വി.എച്ച്.എസ്.എസ്. പുതൂർ, അട്ടപ്പാടി | 912009 | ജി.വി.എച്ച്.എസ്.എസ്. വെള്ളാർമല |
| 909012 | ജി.വി.എച്ച്.എസ്.എസ്. അഗളി | 901036 | ജി.വി.എച്ച്.എസ്.എസ്. ആര്യനാട് |
| 909019 | ജി.ജി.വി.എച്ച്.എസ്.എസ്. നെൻമാറ | 906002 | ജി.വി.എച്ച്.എസ്.എസ്. കുമിളി |
| 903019 | ജി.വി.എച്ച്.എസ്.എസ്. പെരുമ്പളം | 906004 | ജി.വി.എച്ച്.എസ്. രാജകുമാരി |
| 905008 | ജി.വി.എച്ച്.എസ് മുരിക്കുംവയൽ | 906009 | ജി.വി.എച്ച്.എസ്.എസ്. വാഴത്തോപ്പ് |
| 907001 | ജി.വി.എച്ച്.എസ്.എസ്. നേര്യമംഗലം | 906013 | ജി.വി.എച്ച്.എസ്. മണിയാറൻകുടി |
| 908010 | ജി.വി.എച്ച്.എസ്.എസ്. പുതൂർ | 912002 | ജി.എസ്.വി.എച്ച്.എസ്.എസ്. സുൽത്താൻ ബത്തേരി |
| 906005 | ജി.വി.എച്ച്.എസ്.എസ്. ദേവിയാർ കോളനി | 912008 | ജി.വി.എച്ച്.എസ്.എസ്. വാകേരി |
| 906006 | ജി.വി.എച്ച്.എസ്.എസ്. നെടുങ്കണ്ടം | 912010 | ജി.വി.എച്ച്.എസ്.എസ്. കരിങ്കുറ്റി |
| 906012 | ജി.വി.എച്ച്.എസ്.എസ്. മൂന്നാർ | | |
| 906014 | ജി.വി.എച്ച്.എസ്.എസ്. കുഞ്ചിത്തണ്ണി | | |
| 912001 | ജി.വി.എച്ച്.എസ്.എസ്. അമ്പലവയൽ | | |
| 912003 | ജി.വി.എച്ച്.എസ്എസ്. കൽപ്പറ്റ | | |

iv. പൊതുസ്ഥലംമാറ്റത്തിന് ശേഷം നിലനിൽക്കുന്ന ഒഴിവുകളിലേക്ക് എല്ലാവർക്കും ( മൂന്ന് വർഷ സർവ്വീസ് പൂർത്തിയാകാത്തവർക്കടക്കം) അപേക്ഷിക്കാവുന്നതാണ്. അത്തരം ഒഴിവുകളിലേക്ക് പൊതുസ്ഥലംമാറ്റം പൂർത്തിയായി ഒരു മാസത്തിനകം സ്ഥലംമാറ്റ നിയമനം നടത്തേണ്ടതാണ്. ഈ സ്ഥലംമാറ്റ പ്രക്രിയയും, പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഓൺലൈനായി നടത്തേണ്ടതാണ്.

v. വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പ്രിൻസിപ്പൽ മുഖാന്തിരം മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തവ പരിഗണിക്കുകയില്ല.

vi. വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള പരസ്പരമാറ്റ അപേക്ഷകൾ, നിശ്ചിത തീയതിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ എന്നിവ നിരുപാധികം നിരസിക്കുന്നതാണ്.

vii. വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി

ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർക്ക് സർവ്വീസ് ദൈർഘ്യം ആയിരിക്കും സ്ഥലംമാറ്റത്തിന് സീനിയോറിറ്റി കണക്കാക്കാനുള്ള മാനദണ്ഡം. സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നത് താഴെ പറയും പ്രകാരമായിരിക്കും.

a. വൊക്കേഷണൽ ടീച്ചർ/നോൺ വൊക്കേഷണൽ ടീച്ചർ/വൊക്കേഷണൽ ഇൻസ്ട്രക്ടർ/ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് ആയി ബൈട്രാൻസ്ഫർ വഴിയാണ് നിയമനമെങ്കിൽ പ്രസ്തുത നിയമന ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആകും സീനിയോരിറ്റി കണക്കാക്കാൻ പരിഗണിക്കുക.

b . പി.എസ്.സി മുഖാന്തിരം വൊക്കേഷണൽ ടീച്ചർ/നോൺ വൊക്കേഷണൽ ടീച്ചർ/വൊക്കേഷണൽ ഇൻസ്ട്രക്ടർ/ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് ആയാണ് നിയമനമെങ്കിൽ പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും അഡ്വൈസ് ചെയ്ത ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

c . വൊക്കേഷണൽ ടീച്ചർ/നോൺ വൊക്കേഷണൽ ടീച്ചർ/വൊക്കേഷണൽ ഇൻസ്ട്രക്ടർ/ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് ആയി പ്രമോഷൻ വഴിയാണ് നിയമനമെങ്കിൽ പ്രമോഷൻ ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആയിരിക്കും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

d. മേൽപ്രകാരം സീനിയോരിറ്റി കണക്കാക്കുമ്പോൾ മറ്റെല്ലാ തരത്തിലും ജീവനക്കാർ തുല്യരായി വന്നാൽ, നിലവിൽ എൻ.എസ്.എസ്.പ്രോഗ്രാം ഓഫീസറുടെ ചുമതലവഹിക്കുകയും എൻ.എസ്.എസ്. എംപാനൽഡ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കോഴ്സ് പൂർത്തിയാക്കിയതുമായ ജീവനക്കാർക്ക് മുൻഗണന ലഭിക്കും ഇതേ വിഭാഗത്തിൽ ഒന്നിൽ കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ ടി ട്രയിനിംഗ് നേടി, ഏറ്റവും കുറവ് കാലം എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായിരുന്നയാളിന് മുൻഗണന ലഭിക്കും.

## 4. വെയിറ്റേജ്

ഹോംസ്റ്റേഷനു പുറത്തുള്ള സേവനത്തിന് ദൂരപരിധി കണക്കിലെടുത്ത് താഴെപറയും പ്രകാരം വെയ്റ്റേജ് നൽകുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന വെയ്റ്റേജ് ഔട്ട്സ്റ്റേഷൻ സർവ്വീസ് കണക്കാക്കുന്നതിന് മാത്രം പരിഗണിക്കുന്നതാണ്. ഇതോടൊപ്പം പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ജില്ലാ പോയിന്റ് കൊണ്ട് ഓരോ ജില്ലയിലും ജോലിനോക്കിയ ദിവസങ്ങളുടെ എണ്ണത്തെ ഗുണിച്ച് ലഭിക്കുന്ന പോയിന്റ് ഔട്ട്സ്റ്റേഷൻ സർവ്വീസായി കണക്കാക്കുന്നതാണ്.

<u>പട്ടിക</u>

| | Thiruvananthapuram | Kollam | Pathanamthitta | Alappuzha | Kottayam | Ernakulam | Idukki | Thrissur | Palakkad | Malappuram | Kozhikkode | Wayanad | Kannur | Kasargod |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Thiruvananthapuram | 0 | 1 | 1.1 | 1.1 | 1.5 | 1.2 | 1.25 | 1.25 | 1.3 | 1.3 | 1.35 | 1.4 | 1.4 | 1.45 |
| Kollam | 1 | 0 | 1 | 1 | 1.1 | 1.15 | 1.2 | 1.2 | 1.25 | 1.25 | 1.3 | 1.35 | 1.35 | 1.4 |
| Pathanamthitta | 1.1 | 1 | 0 | 1 | 1 | 1.1 | 1.1 | 1.15 | 1.2 | 1.2 | 1.25 | 1.3 | 1.3 | 1.35 |
| Alappuzha | 1.1 | 1 | 1 | 0 | 1 | 1 | 1.1 | 1.15 | 1.2 | 1.2 | 1.25 | 1.3 | 1.3 | 1.35 |
| Kottayam | 1.15 | 1.1 | 1 | 1 | 0 | 1 | 1.1 | 1.1 | 1.15 | 1.15 | 1.2 | 1.25 | 1.25 | 1.3 |
| Ernakulam | 1.2 | 1.15 | 1.1 | 1 | 1 | 0 | 1 | 1 | 1.1 | 1.1 | 1.15 | 1.2 | 1.2 | 1.25 |
| Idukki | 1.25 | 1.2 | 1.1 | 1.1 | 1.1 | 1 | 0 | 1.1 | 1.15 | 1.15 | 1.2 | 1.25 | 1.25 | 1.3 |
| Thrissur | 1.25 | 1.2 | 1.15 | 1.15 | 1.1 | 1 | 1.1 | 0 | 1 | 1 | 1.1 | 1.15 | 1.15 | 1.2 |
| Palakkad | 1.3 | 1.25 | 1.2 | 1.2 | 1.15 | 1.1 | 1.15 | 1 | 0 | 1 | 1.1 | 1.15 | 1.15 | 1.2 |
| Malappuram | 1.3 | 1.25 | 1.2 | 1.2 | 1.15 | 1.1 | 1.15 | 1 | 1 | 0 | 1 | 1.1 | 1.1 | 1.15 |
| Kozhikkode | 1.35 | 1.3 | 1.25 | 1.25 | 1.2 | 1.15 | 1.2 | 1.1 | 1.1 | 1 | 0 | 1 | 1 | 1.1 |
| Wayanad | 1.4 | 1.35 | 1.3 | 1.3 | 1.25 | 1.2 | 1.25 | 1.15 | 1.15 | 1.1 | 1 | 0 | 1.1 | 1.15 |
| Kannur | 1.4 | 1.35 | 1.3 | 1.3 | 1.25 | 1.2 | 1.25 | 1.15 | 1.15 | 1.1 | 1 | 1.1 | 0 | 1 |
| Kasargod | 1.45 | 1.4 | 1.35 | 1.35 | 1.3 | 1.25 | 1.3 | 1.2 | 1.2 | 1.15 | 1.1 | 1.15 | 1 | 0 |

**5. ഹോംസ്റ്റേഷൻ**

i . എല്ലാ ഗവൺമെന്റ് വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ

ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ ഹോം സ്റ്റേഷൻ പി.എസ്.സി. അഡ്വൈസിലെ റവന്യൂ ജില്ലയായിരിക്കും. വൊക്കേഷണൽ ഹയർസെക്കണ്ടറി സർവ്വീസിൽ ജോയിൻ ചെയ്യുന്ന സമയത്ത് തന്നെ ജീവനക്കാരന്റെ സർവ്വീസ് ബുക്കിൽ പ്രസ്തുത റവന്യൂ ജില്ല ഹോംസ്റ്റേഷനായി ബന്ധപ്പെട്ട പ്രിൻസിപ്പൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ സർവ്വീസ് കാലയളവിൽ ഒരു തവണ മാത്രം ഹോംസ്റ്റേഷൻ മാറ്റാവുന്നതാണ്. ഇപ്രകാരം ഹോംസ്റ്റേഷൻ ഒരിക്കൽ മാറ്റിയ ജീവനക്കാർക്ക് വീണ്ടും സർവ്വീസ് കാലയളവിൽ ഹോംസ്റ്റേഷൻ മാറ്റുവാൻ സാധ്യമല്ല.

ii. ഇപ്രകാരം ഹോംസ്റ്റേഷൻ മാറ്റം വരുത്തുന്ന ജീവനക്കാരുടെ രണ്ട് ഹോംസ്റ്റേഷനിലെ സർവ്വീസും ഔട്ട് സ്റ്റേഷൻ സർവ്വീസായി പരിഗണിക്കുന്നതല്ല. ഈ ജീവനക്കാരുടെ മറ്റ് റവന്യൂ ജില്ലകളിലെ സർവ്വീസ് ഔട്ട് സ്റ്റേഷൻ സർവ്വീസായി പരിഗണിക്കുന്നതാണ്.

## 6. അനുകമ്പാർഹമായ കാരണങ്ങൾ

i. ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് ക്യാൻസർ, മേജർ ഓപ്പറേഷൻ ആവശ്യമായ ഹൃദ്രോഗം, പക്ഷാഘാതം, ഡയാലിസിസ് ആവശ്യമായ വൃക്കരോഗം എന്നിവയും കരൾ/വൃക്ക എന്നിവ ദാനം ചെയ്തവരും, അവയവം മാറ്റി വയ്ക്കലിന് വിധേയരായവരും) അപകടം മൂലമോ ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുക, ആയത് മൂലം ജീവനക്കാരന് പരസഹായത്തിന് ആശ്രയിക്കേണ്ടതായി വരിക.

ii. ആശ്രിതരുടെ ചികിത്സ/അവശതയുടെ ആവശ്യത്തിലേക്ക് അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ, ടി ആശ്രിതൻ നിലവിൽ ജീവനക്കാരനോടൊപ്പം തുടർച്ചയായി താമസിച്ചു വരുന്നു എന്നത് നിയമനാധികാരിയെ നീതികരിക്കത്തക്കവിധം ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

iii. അനുകമ്പാർഹ സാഹചര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിന് അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഡയറക്ടറേറ്റിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നതും, സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരുടെ ചികിൽസ/അവശത സംബന്ധിച്ച പരിശോധന മെഡിക്കൽ ബോർഡിനു മുമ്പാകെ നടത്തുന്നതും, ടി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് കൂടി പരിഗണിച്ച് അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്. അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയോടൊപ്പം ജില്ലാ മെഡിക്കൽ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റും മെഡിക്കൽ രേഖകളുടെ പകർപ്പും ഹാജരാക്കണം. തെറ്റായതോ തെറ്റിദ്ധാരണാ ജനകമായതോ ആയ വിവരങ്ങൾ നൽകി അനുകമ്പാർഹ സ്ഥലംമാറ്റത്തിന്റെ റാങ്ക് ലിസ്റ്റിൽ ആരെങ്കിലും കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടാൽ, ടി അനുകമ്പാർഹ സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതും, അപ്പോൾ നിലവിലുള്ള ഓപ്പൺ വേക്കൻസിയിലേക്ക് ടിയാൾ സ്ഥലംമാറ്റപ്പെടുന്നതുമാണ്.

iv. ഒരു ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരമുണ്ടാകുന്ന മുഴുവൻ ഒഴിവുകളും, വിഷയത്തിനും തസ്തികയ്ക്കും അതീതമായി, ഒരു യൂണിറ്റായി കണക്കാക്കി അതിന്റെ 10% അനുകമ്പാർഹ സ്ഥലംമാറ്റത്തിനായി നിജപ്പെടുത്തി നടത്തുന്നതും ഇത്തരം സ്ഥലംമാറ്റങ്ങൾ വർഷം തോറും പുനപരിശോധിക്കുന്നതുമാണ്. ഇത്തരം ഒഴിവുകളിലേക്ക് രോഗത്തിന്റെ ഗുരുതരാവസ്ഥയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാക്രമ പട്ടികയിൽ ആദ്യം വരുന്ന അനുകമ്പാർഹർക്കും അവരുടെ തസ്തികയിൽ (വൊക്കേഷണൽ ടീച്ചർ/നോൺ വൊക്കേഷണൽ ടീച്ചർ/വൊക്കേഷണൽ ഇൻസ്ട്രക്ടർ/ലബോറട്ടറി അസിസ്റ്റന്റ്) പ്രസ്തുത ജില്ലയിൽ ഒഴിവുണ്ടെങ്കിൽ

മാത്രം മുൻഗണനാ ക്രമത്തിൽ സ്ഥലംമാറ്റം നൽകുന്നതാണ്. യോഗ്യരായ അപേക്ഷകരില്ലെങ്കിൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിനായി നീക്കി വയ്ക്കപ്പെട്ട വേക്കൻസി പൊതു സ്ഥലംമാറ്റത്താൽ നികത്തപ്പെടുന്നതാണ്.

v. അനുകമ്പാർഹ സ്ഥലംമാറ്റ അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന സിവിൽ സർജനിൽ കുറയാത്ത വിദഗ്ധരായ മെഡിക്കൽ ഓഫീസർമാർ (കുറഞ്ഞത് 2 പേർ) എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് മാത്രം അർഹതയും യോഗ്യതയുമുള്ള അനുകമ്പാർഹരായവരുടെ പട്ടിക തയ്യാറാക്കി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

vi. അനുകമ്പാർഹ സ്ഥലംമാറ്റങ്ങൾക്ക് താഴെപറയുന്ന മുൻഗണനാക്രമം പാലിക്കുന്നതാണ്.

a . രോഗബാധിതനായ വൊക്കേഷണൽ ടീച്ചർ/നോൺ വൊക്കേഷണൽ ടീച്ചർ/വൊക്കേഷണൽ ഇൻസ്ട്രക്ടർ/ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ്.

b. വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ രോഗ ബാധിതരായ ഭർത്താവ്/ഭാര്യ/മക്കൾ

c. വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ രോഗബാധിതരായ അച്ഛൻ/അമ്മ (അവർ ജീവനക്കാരന്റെ ഒപ്പം താമസിക്കുന്നവരെങ്കിൽ മാത്രം)

## 7. പ്രത്യേക മുൻഗണന

i . പ്രഥമഗണനീയമോ, പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾക്ക് സ്ഥലം മാറ്റത്തിന് പ്രത്യേക പരിഗണന നൽകുന്നതാണ്. ഇപ്രകാരമുള്ള സ്ഥലംമാറ്റത്തിന് സർവ്വീസിൽ ഒരിക്കൽ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു. ഹോംസ്റ്റേഷനിൽ അഞ്ച് വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്ന വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി പരിഗണന നൽകുന്നതല്ല.

ii. പ്രത്യേക മുൻഗണന സ്ഥലംമാറ്റങ്ങൾ ഒരു ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരമുള്ള മുഴുവൻ ഒഴിവുകളും, വിഷയത്തിനും തസ്തികയ്ക്കും അതീതമായി, ഒരു യൂണിറ്റായി കണക്കാക്കി അതിന്റെ 20% ആയി നിജപ്പെടുത്തി നടത്തേണ്ടതാണ്. ഇങ്ങനെ കണക്കാക്കുന്ന ഒഴിവുകളിലേക്ക് മുൻഗണനാ ക്രമപട്ടികയിൽ ആദ്യം വരുന്നവർക്ക് അവരുടെ വിഷയത്തിൽ പ്രസ്തുത ജില്ലയിൽ ഒഴിവുകളുണ്ടെങ്കിൽ മാത്രം മുൻഗണനാ ക്രമത്തിൽ സ്ഥലം മാറ്റം നൽകുന്നതാണ്.

iii. മുൻഗണന തെളിയിക്കുന്നതിനുള്ള രേഖകൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് തപാൽ മാർഗ്ഗവും ഓൺലൈനിലും സമർപ്പിക്കേണ്ടതാണ്. ഈ ആനുകൂല്യം മുൻപ് ലഭിച്ചിട്ടില്ലാ എന്ന് ബന്ധപ്പെട്ട പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രിൻസിപ്പൽ അയക്കുന്ന രേഖകളുടെ സാധുതയും അർഹതയും മുൻഗണനയും വൊക്കേഷണൽ ഹയർ സെക്കന്ററി

വിഭാഗം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അദ്ധ്യക്ഷനായും, മൂന്ന് ഡെപ്യൂട്ടി ഡയറക്ടർമാരും അടങ്ങിയ ഒരു കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തി മുൻഗണന പട്ടിക തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

iv. ഈ ആനുകൂല്യം ലഭിച്ച വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രിൻസിപ്പൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ ആനുകൂല്യം ലഭിച്ച ജീവനക്കാരുടെ പേര്, സ്കൂൾ, വിഷയം, ഏതിനപ്രകാരമുള്ള ആനുകൂല്യം നല്കി തുടങ്ങിയവ ഉൾപ്പെടുത്തി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

v . പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ പരാമർശം (2) അനുബന്ധ പ്രകാരവും പരാമർശം (3) പ്രകാരം വരുത്തിയ ഭേദഗതി പ്രകാരവുമായിരിക്കും.

## 8.മറ്റുള്ളവ

i . പി.എസ്.സി. മുഖേനയോ /ബൈട്രാൻസ്ഫർ വഴിയോ നടത്തുന്ന നിയമനങ്ങൾ കണ്ടീഷണൽ നിയമനങ്ങളായിരിക്കും. അത്തരം നിയമനങ്ങൾ നൽകിയ തസ്തികകൾ ഓപ്പൺ വേക്കൻസികളായി തുടർന്നുണ്ടാകുന്ന പൊതു സ്ഥലംമാറ്റത്തിൽ വ്യവസ്ഥപ്പെടുത്തി കണ്ടീഷണൽ നിയമനം ലഭിച്ച വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരെ മറ്റു വിദ്യാലയങ്ങളിലേക്ക് മാറ്റി നിയമിക്കുന്നതുമാണ്. ഇപ്രകാരം മാറ്റി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് പൊതുസ്ഥലംമാറ്റത്തിന് ശേഷം നിലനിൽക്കുന്ന ഒഴിവുകളിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്.

ii. മൂന്നു വർഷത്തെ ഔട്ട് സ്റ്റേഷൻ സർവ്വീസിനു ശേഷം ട്രാൻസ്ഫർ ലഭിച്ച് ഹോംസ്റ്റേഷനിൽ എത്തിയ ജീവനക്കാരെ സാധാരണ നിലയിൽ തുടർന്ന് മൂന്ന് അക്കാദമിക വർഷത്തേക്ക് സ്ഥലംമാറ്റുന്നതല്ല. എന്നാൽ പ്രൊമോഷനോ മറ്റ് ആകസ്മിക സാഹചര്യങ്ങളോ ഉണ്ടായാൽ മേൽ വ്യവസ്ഥ ബാധകമായിരിക്കുകയില്ല.

iii. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലേയും മറ്റ് വകുപ്പുകളിലേയും വൊക്കേഷണൽ ടീച്ചർ/നോൺ വൊക്കേഷണൽ ടീച്ചർ/വൊക്കേഷണൽ ഇൻസ്ട്രക്ടർ/ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ അന്യത്ര സേവനകാലം സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റിക്ക് പരിഗണിക്കുകയില്ല. മറ്റ് സേവനങ്ങളിലോ/വിദേശത്തോ/ഇന്ത്യക്കുള്ളിലോ മെച്ചപ്പെട്ട തൊഴിൽ തേടുന്നതിനുവേണ്ടിയുള്ള ശമ്പളരഹിത അവധിക്കാലം, മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെയുള്ള ശമ്പളരഹിത അവധിക്കാലം എന്നിവ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റിക്ക് പരിഗണിക്കുകയില്ല.

iv. സേവനത്തിൽ നിന്നും വിരമിക്കാൻ രണ്ട് വർഷം മാത്രമുള്ള വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരെ ആദ്യം വിരമിക്കുന്നവർക്ക് മുൻഗണന നൽകിക്കൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനുകളിലെ ഒഴിവുകളിൽ നിയമിക്കുന്നതാണ്.

v. അറുപത് ശതമാനത്തിൽ കൂടുതൽ അംഗപരിമിതരായ ജീവനക്കാരെ, അപേക്ഷയുടെ അടിസ്ഥാനത്തിൽ , 29.08.2017 -ലെ സ.ഉ.(എംഎസ്സ്)നം. 18/2017/ഉ.ഭ.പ.വ പ്രകാരം അവരുടെ നിലവിലെ സ്കൂളിൽ തന്നെ നിലനിർത്തുകയോ അവരുടെ ഓപ്ഷനുകളിലേക്ക് ഒഴിവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകുകയോ ചെയ്യാവുന്നതാണ്. പ്രസവാവധിയിൽ നിന്നും മടങ്ങി വരുന്ന ജീവനക്കാരേയും, 31.08.2017 -ലെ സ.ഉ.(അ)391/2007/ധന വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, കുട്ടിയെ ദത്തെടുത്തതിനുള്ള അവധിക്ക് അർഹരായിട്ടുള്ള സംസ്ഥാന സർക്കാരിലെ വനിതാ

ജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്കൂളിൽ തന്നെ ഒരു വർഷക്കാലത്തേക്ക് നിയമിക്കുന്നതാണ്.

vi. ഓപ്ഷൻ/നിർബന്ധിതം/അനുകമ്പാർഹം/പൊതുതാൽപര്യാർത്ഥം/പ്രത്യേക മുൻഗണന മുതലായവ മുഖേനയുള്ള സ്ഥലംമാറ്റത്തിന്റെ സ്വഭാവം സ്ഥലംമാറ്റ ഉത്തരവിൽ പ്രത്യേക കോളത്തിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

vii. സ്ഥലംമാറ്റം സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും സുതാര്യമാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ (വൊക്കേഷണൽ ഹയർസെക്കണ്ടറി) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

viii. അപേക്ഷയിലെ വിശദാംശങ്ങളിലോ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകളിലോ സത്യമല്ലാത്തതോ വസ്തുതകളല്ലാത്തതോ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതോ ആയ എന്തെങ്കിലും കാര്യം ഉൾപ്പെട്ടിട്ടുണ്ടെന്ന് ഏതെങ്കിലും കാലത്ത് കണ്ടെത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അധ്യാപകനെതിരെയും രേഖകൾ തയ്യാറാക്കിയ ആൾക്കെതിരെയും അതറിഞ്ഞുകൊണ്ട് രേഖകൾ സാക്ഷ്യപ്പെടുത്തിയവർക്കെതിരെയും സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾക്കുപുറമേ ക്രിമിനൽ നടപടികളും സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, (വൊക്കേഷണൽ ഹയർസെക്കണ്ടറി) വിഭാഗം, തിരുവനന്തപുരം.
സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം. (ഗവണ്മെന്റ് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (എസ്/ജി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Jubair H
Date: 30-06-2021 10:59:26
Reason: Approved

സെക്ഷൻ ഓഫീസർ

ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ..യ്ക്ക്.